*30-06-2026*
*Adjournment motion*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യ വിതരണം

മി. സ്പീക്കർ: സംസ്ഥാനത്ത് ട്രോളിങ് നിരോധനം പ്രാബല്യത്തിൽ വന്നതുമുതൽ വറുതിയിലായ മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യം വിതരണം ചെയ്യാത്തതുമൂലം മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും ബുദ്ധിമുട്ടുകളും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ സജി ചെറിയാൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, സംസ്ഥാനത്ത് 1988 മുതൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തിവരുന്നുണ്ട്. ആദ്യം 47 ദിവസം ആയിരുന്നത് 2018 മുതൽ 52 ദിവസമാക്കി ട്രോളിങ് നിരോധനം ഏർപ്പെടുത്തുന്നുണ്ട്. ജൂൺ 10 മുതൽ ജൂലൈ 31 വരെയാണ് ഈ വർഷം ട്രോളിങ് നിരോധനം ഉള്ളത്. പഞ്ഞകാലം എന്നറിയപ്പെടുന്ന ഇക്കാലത്ത് സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരവും സൗജന്യ റേഷൻ നൽകിയും മത്സ്യത്തൊഴിലാളികളെ സഹായിക്കാറുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ വിഹിതമായ 1,500/- രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 1,500/- രൂപയും കേന്ദ്രസർക്കാരിന്റെ വിഹിതമായ 1,500/- രൂപയുമുൾപ്പെടെ ആകെ 4,500/- രൂപയാണ് നൽകാനുള്ളത്. അതിൽ ആദ്യ ഗഡുവായി നൽകാനുള്ള 1500 രൂപ ഇപ്പോൾ ഏകദേശം നൽകിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ അത് പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽ ഈ വരുന്ന ദിവസങ്ങളിൽ പൂർത്തിയാകുകയും ചെയ്യും. ഫ്രീ റേഷൻ സംബന്ധിച്ച് ഫിഷറീസ് ജില്ലാ ഓഫീസർക്കും സപ്ലൈ ഓഫീസർക്കും ഉത്തരവുകൾ നൽകിയിട്ടുണ്ട്. അതിന്റെ വിതരണം ഉടൻ ആരംഭിക്കുകയും ചെയ്യും. സാധാരണയായി ജൂൺ, ജൂലൈ മാസങ്ങളിലാണ് ആദ്യ ഗഡു നൽകാറുള്ളതെങ്കിലും ഇപ്പോൾ ജൂൺ മാസം അവസാനിക്കുന്നതിന് മുമ്പുതന്നെ ആദ്യ ഗഡു നൽകാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത ഗഡുവിനായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ

സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ അത് ആഗസ്റ്റ് മാസംവരെ പോയിട്ടുണ്ട്. അടുത്ത മാസം തന്നെ രണ്ടാമത്തെ ഗഡു വിതരണം ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നുണ്ട്. അനുമതി ലഭിക്കുകയാണെങ്കിൽ അതും വിതരണം ചെയ്യാൻ സാധിക്കും.

മി. സ്പീക്കർ: പ്രമേയ അവതാരകനെ കേട്ടതിനുശേഷം ബാക്കി എല്ലാ കാര്യങ്ങളും പറഞ്ഞാൽ മതി. അത്യാവശ്യം പറയാനുണ്ടെങ്കിൽ അത് പറഞ്ഞ് അവസാനിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിച്ചുകൊണ്ടുപോകുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. അവർക്കുള്ള എല്ലാ ആനുകൂല്യങ്ങളും കൃത്യമായിതന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നറിയിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, അടിയന്തരപ്രാധാന്യമുള്ളതുകൊണ്ടു മാത്രമാണ് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നത്. ഒരു സർക്കാർ വന്ന് ഒന്നര മാസത്തിനുള്ളിൽ എല്ലാ കാര്യങ്ങളും പൂർണ്ണതയിലെത്തുമെന്ന എന്ന പ്രതീക്ഷയൊന്നും ഞങ്ങൾക്കില്ല. പക്ഷേ പ്രശ്നമെന്താണെന്ന് ചോദിച്ചാൽ, കേരളത്തിൽ ഏകദേശം പത്ത് ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളത്. അവർ വളരെയേറെ ദുർബലമായ ഒരു ജനവിഭാഗമാണ്. മറ്റ് എല്ലാ മേഖലകളിൽനിന്നും വ്യത്യസ്തമായി കടലിനോട് മല്ലടിച്ച് ജീവിക്കുന്ന ഈ വിഭാഗത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വമാണ് സർക്കാരിനുള്ളത്. ഇപ്പോൾ ട്രോളിങ് നിരോധനമേർപ്പെടുത്തിയ സമയമായതിനാൽ ഉപജീവനത്തിനായി അവർ വളരെയേറെ പ്രയാസപ്പെടുകയാണ്. ഈ പഞ്ഞമാസത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതം അത്യന്തം ദുഷ്കരമായിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന മത്സ്യക്കുറവ് വലിയതോതിൽ മത്സ്യത്തൊഴിലാളികളെ ബാധിച്ചിട്ടുണ്ട്. കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങൾ വളരെക്കൂടുതലാണ്. ഇപ്പോൾ ട്രോളിങ് നിരോധനംകൂടി വന്നതോടെ അവസ്ഥ വളരെ പരിതാപകരമായിരിക്കുകയാണ്. എന്നാൽ വറുതിഘട്ടത്തിൽ

അവരെ ചേർത്തുപിടിക്കേണ്ട സംസ്ഥാന സർക്കാർ എന്താണ് ചെയ്യുന്നത്? അവർക്ക് ആശ്വാസം നൽകേണ്ട നടപടികൾ സർക്കാർ അടിയന്തരമായി നിറവേറ്റണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മുമ്പൊക്കെ ട്രോളിങ് നിരോധന സമയത്ത് 52 ദിവസം മത്സ്യത്തൊഴിലാളികൾക്ക് 4,500/- രൂപ വീതം ധനസഹായവും സൗജന്യ റേഷനും നൽകുമായിരുന്നു. കഴിഞ്ഞ സർക്കാർ ഈ 4,500/- രൂപ 6,000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി അതിൽ തിരുത്തൽ വരുത്തണം. സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം ഗുണഭോക്തൃ വിഹിതം, സംസ്ഥാനസർക്കാർ വിഹിതം, കേന്ദ്രസർക്കാർ വിഹിതം എന്നിവ തുല്യമായി സംയോജിപ്പിച്ചാണ് 6,000/- രൂപ നൽകുന്നത്. എന്നാൽ ഈ സീസണിൽ ഈ ആനുകൂല്യം അവർക്ക് നൽകിയില്ലെന്നതാണ് ഈ ഉപക്ഷേപത്തിന് കാരണം. അങ്ങ് പറഞ്ഞതുപോലെ 1,500/- രൂപ നൽകിയത് അവരുടെ വിഹിതം മാത്രമാണ്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകേണ്ട ഒരു പൈസയും അവർക്ക് ഈ സമയംവരെ നൽകിയിട്ടില്ലെന്നതാണ് ഞാൻ ഉന്നയിക്കുന്ന വിഷയം. ഇത് കണ്ണിൽ ചോരയില്ലാത്തൊരു നടപടിയായാണ് ഞാൻ കാണുന്നത്. സംസ്ഥാനത്ത് 82 കോടി രൂപയാണ് 1.47 ലക്ഷം തൊഴിലാളികൾക്കായി വിതരണം ചെയ്യേണ്ടത്. മീൻപിടുത്ത സീസൺ അല്ലാത്ത മേയ് മാസം മുതൽ ജൂലൈ മാസംവരെ തൊഴിലാളികൾക്ക് മൂന്ന് ഗഡുവായി 6,000/- രൂപയാണ് നൽകേണ്ടത്. 2016 വരെ മുൻ യു.ഡി.എഫ്. സർക്കാർ 2,700/- രൂപയാണ് നൽകിയിരുന്നത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ 2016-ൽ അധികാരത്തിൽ വന്നപ്പോൾ 2,700/- രൂപ 4,500/- രൂപയായും പിന്നീട് രണ്ടാം എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അത് 6,000/- രൂപയായും ഉയർത്തി. ഇത് വിതരണം ചെയ്യാതെ ഈ സീസണിൽ അവരെ പട്ടിണിക്കിടുന്ന ഗുരുതരമായ അനാസ്ഥയാണ് സർക്കാർ കാണിക്കുന്നത്. പട്ടിണിയും പരിവട്ടവുമായി ജീവിതം തള്ളിനീക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിച്ചുവരുന്ന അവകാശങ്ങൾ നിഷേധിക്കുന്നതിൽ ഈ സർക്കാരിന് എന്ത് ന്യായമാണ് പറയാനുള്ളത്? ഈ സഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഗുണഭോക്തൃ വിഹിതമായി സമാഹരിച്ച 1,500/- രൂപ സംബന്ധിച്ചാണ്

വീണ്ടും ഇവിടെ വിശദീകരിച്ചത്. ഞാൻ അതല്ല ഉദ്ദേശിക്കുന്നത്. സർക്കാർ നൽകേണ്ട തുക സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ട്രഷറി നിയന്ത്രണം എന്ന പേരുപറഞ്ഞ് ഫിഷറീസ് വകുപ്പ് ഈ ഉത്തരവാദിത്വത്തിൽ നിന്ന് മാറിനിൽക്കുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതി 2026-2027 പ്രകാരം മറൈൻ ജില്ലകളിൽ 133392 ഗുണഭോക്താക്കളിൽ നിന്ന് ഫിഷറീസ് വകുപ്പ് പതിനെട്ട് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി എൺപത്തിയേഴായിരം(18,98,87,000/-) രൂപയും ഇൻലാന്റ് ജില്ലകളിലെ 13142 ഗുണഭോക്താക്കളിൽനിന്ന് ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരം(1,83,23,000/-) രൂപയും ഉൾപ്പെടെ ഇരുപതുകോടി എൺപത്തിരണ്ട് ലക്ഷത്തി പതിനായിരം (20,82,10,000/-) രൂപ വിഹിതമായി സ്വീകരിച്ചിട്ടുണ്ട്. ആ വിഹിതം സംബന്ധിച്ചാണ് അങ്ങ് പറഞ്ഞത്. അത് ഞാൻ നിഷേധിക്കുന്നില്ല. അത് നൽകിയത് നല്ല കാര്യം. റേഷൻ അനുവദിക്കാൻവേണ്ടി പണം അനുവദിച്ചതും നല്ല കാര്യമാണ്. അതിനെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. അതിനൊന്നും ഞാൻ കുറ്റം പറയുകയില്ല. പക്ഷേ ബാക്കി പണത്തെ സംബന്ധിച്ചാണ് ഞാൻ ചോദിച്ചത്. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവുംകൂടി ലഭിച്ചതിനുശേഷം കൊടുക്കും എന്ന് അങ്ങ് പറഞ്ഞു. കേന്ദ്ര വിഹിതം ഇക്കഴിഞ്ഞ ഒരു ഘട്ടത്തിലും യഥാസമയം ലഭിച്ചിട്ടില്ല. ബി.ജെ.പി. സർക്കാർ ഒരു ഘട്ടത്തിൽപ്പോലും നമ്മുടെ സംസ്ഥാനത്തെ സഹായിച്ചിട്ടില്ല. അത്തരം സാഹചര്യത്തിൽ നമ്മൾ എന്താണ് ചെയ്യുന്നത്? സംസ്ഥാനം ആ പണം കൂടി കണ്ടെത്തി ഫിഷർമെൻ സമൂഹത്തിന് നൽകും. അങ്ങനെയൊരു തീരുമാനം എടുക്കണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. കഴിഞ്ഞ അഞ്ചുവർഷവും അങ്ങനെതന്നെയാണ് നൽകിയതെന്ന് ഉത്തരവാദിത്വത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്കുള്ള മൊറട്ടോറിയം സംബന്ധിച്ച് സർക്കാർ ഒരു അനുകൂല തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഈ ബജറ്റുമായി ബന്ധപ്പെട്ട ചില ആശങ്കകൾ കൂടിപറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ചില കാര്യങ്ങൾ നേരത്തെ ഞാൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞതാണ്. മുഖ്യമന്ത്രി അത് ഗൗരവമായി കേട്ടിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. 73 കോടി രൂപ ബജറ്റിൽ കുറവ് വരുത്തിയിരിക്കുകയാണ്. അതിൽ

ഏറ്റവും പ്രധാനം വിദ്യാഭ്യാസമേഖലയിലാണ്. 35 കോടി രൂപയാണ് ഈ മേഖലയിൽ കുറച്ചിരിക്കുന്നത്. ഇവിടെ നമ്മൾ കാണേണ്ടത് 'വിദ്യാതീരം' പദ്ധതി ഏറ്റവും ഫലപ്രദമായി കഴിഞ്ഞ തവണ നടപ്പാക്കി. 106 ഡോക്ടർമാരെ കേരളത്തിന്റെ തീരദേശമേഖലയിൽ, ഫിഷർമെൻ സമൂഹത്തിൽ നിന്ന് ഉയർത്തിക്കൊണ്ടുവന്ന പ്രവർത്തനമാണ് വിദ്യാതീരം പദ്ധതിപ്രകാരം നമ്മൾ നടപ്പാക്കിയത്. അവിടെയാണ് 35 കോടി രൂപ ബജറ്റിൽ കുറവുവരുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യം, പഞ്ഞമാസ സഹായത്തിന്റെ ഭാഗമായി 44 കോടി രൂപ ഇപ്പോൾ കുറച്ചിട്ടുണ്ട്. അതുപോലെതന്നെ മത്സ്യകൃഷി വികസനത്തിന് 40 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. പുനർഗേഹം പദ്ധതിക്ക് ബജറ്റിൽ 24 കോടി രൂപ കുറച്ചു. ഉദ്യോഗസ്ഥരെ മുഴുവൻ മാറ്റിയെന്നാണ് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത്. ഏറ്റവും മാതൃകാപരമായി നടത്തിയ പുനർഗേഹം പദ്ധതി കേരളത്തിൽ അവസാനിപ്പിക്കാൻ പോകുന്നു എന്ന ആശങ്ക ഫിഷർമെൻ സമൂഹത്തിനുണ്ട്. അത് വല്ലാത്തൊരു മാനസികാവസ്ഥയിലും പ്രയാസത്തിലും ഫിഷർമെൻ സമൂഹത്തെ മാറ്റുകയാണ്. കാലാവസ്ഥാ വ്യതിയാനം, കടലാക്രമണം, ഇന്ധനവില വർധന, മത്സ്യലഭ്യതയുടെ കുറവ് എന്നിങ്ങനെ സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് തീരദേശം കടന്നുപോകുന്നത്. മത്സ്യബന്ധന വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ 50 കോടി രൂപ അധികമായി പ്രഖ്യാപിച്ചു. എന്നാൽ പ്ലാൻ ഔട്ട്ലേ മുഴുവൻ വായിച്ചിട്ടും ഈ 50 കോടി രൂപ കാണുന്നില്ല. അതൊരു വാഗ്ദാനം മാത്രമായി അവസാനിച്ചിരിക്കുകയാണ്. അപ്പോൾ മത്സ്യത്തൊഴിലാളി സമൂഹത്തോട് നീതി കാണിച്ചില്ല എന്ന് വീണ്ടും പറയേണ്ട ഒരു അവസ്ഥയിലെത്തി. 'മിഷൻ സമുദ്ര' പോലുള്ള പദ്ധതികൾക്ക് 400 കോടി രൂപയും മറ്റ് ചില വൻ പദ്ധതികൾക്കുവേണ്ടി കോടിക്കണക്കിന് രൂപയും പ്രഖ്യാപിച്ചു. എന്നാൽ ഇത്രയും വലിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും വളരെ തുച്ഛമായ തുകയാണ് ഫിഷർമെൻ സമൂഹത്തിന് കൊടുത്തിട്ടുള്ളത് എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെകാലത്ത് ഏറ്റവും മികച്ച മറൈൻ സ്റ്റേറ്റ് കേരളവും ഏറ്റവും മികച്ച മറൈൻ ഡിസ്ട്രിക്റ്റ് കൊല്ലവുമായിരുന്നു എന്ന് അഭിമാനത്തോടെ പറയാൻ ഞാനാഗ്രഹിക്കുകയാണ്. അത് തുടരണം. തുടരണമെങ്കിൽ ഈ

സമൂഹത്തോട് നീതി കാണിക്കണം. ഇന്ത്യയുടെ ബ്ലൂ ഇക്കോണമി കോറിഡോർ - ആലപ്പുഴ, ധാതുസംസ്കരണത്തിന്റെയും അപൂർവ ധാതുക്കളുടെയും കേന്ദ്രം - കൊല്ലം, കേരളത്തിന്റെ നോളഡ്ജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ്- തിരുവനന്തപുരം തുടങ്ങിയവയെല്ലാം കടലുമായും കായലുമായും ജലാശയങ്ങളുമായും ബന്ധപ്പെട്ട നിർദേശങ്ങളാണ്. ഈ ആശങ്കയാണ് ഞാനിവിടെ വീണ്ടും അറിയിക്കുന്നത്. അതുപോലെതന്നെ വിഴിഞ്ഞം പദ്ധതി ഞങ്ങൾ യാഥാർഥ്യമാക്കി. നിങ്ങൾ പറഞ്ഞു, ഉമ്മൻചാണ്ടി സാറിന്റെ കാലത്ത് ഒപ്പിട്ടു എന്ന്; സമ്മതിച്ചു. ഞങ്ങളുടെ കാലത്ത് അതിന്റെ ആദ്യഭാഗം പൂർത്തിയായി. അന്ന് നിർദേശിച്ച പുനരധിവാസം പദ്ധതി ഏറ്റവും മാതൃകാപരമായി നടപ്പാക്കിയ സർക്കാരായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബജറ്റിൽ പത്ത് പൈസ ആ വിഴിഞ്ഞം പുനരധിവാസത്തിനുവേണ്ടി കാണുന്നില്ല എന്നത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ 600 കിലോമീറ്റർ മാരിടൈം സമ്പദ്വ്യവസ്ഥ പ്രഖ്യാപിച്ചത്, തീരത്തിന്റെ ഭാവിയെ ബാധിക്കുമെന്ന ആശങ്കയാണ് ഞാൻ ഉന്നയിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ വന്നിരിക്കുന്ന ആശങ്കകളിൽ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. ഈ ആശങ്ക ദൂരീകരിക്കാൻ കേന്ദ്രത്തിന്റെ പണം കിട്ടിയാലും ഇല്ലെങ്കിലും അതുകൂടി ഉൾപ്പെടുത്തി എത്രയുംവേഗം ഈ പണം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകണമെന്ന് വിനയപൂർവം ഞാനിവിടെ അഭ്യർഥിക്കുന്നു. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യം 4,500/- രൂപ എന്നത് 6,000/- രൂപയാക്കി വർധിപ്പിച്ചു എന്നാണ്. പത്ത് വർഷത്തെ ഭരണത്തിനുശേഷം കഴിഞ്ഞ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് മാർച്ചിലാണ് 6,000/- രൂപയായി വർധിപ്പിച്ചത്. ഇനി വരുന്ന വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതമായ 2,000/- രൂപ മത്സ്യത്തൊഴിലാളികളിൽനിന്ന് വാങ്ങണമെന്നും 2,000/- രൂപ സംസ്ഥാന സർക്കാർ

കൊടുക്കണമെന്നും 2,000/- രൂപ കേന്ദ്ര സർക്കാർ നൽകണമെന്നുമായിരുന്നു തീരുമാനം. എന്നാൽ കേന്ദ്ര സർക്കാരിന്റെ വിഹിതം നൽകുമോയെന്ന കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല. മിക്കവാറും ആ രൂപ കൂടി സംസ്ഥാന സർക്കാർ വഹിച്ചാൽ മാത്രമേ 6,000/- രൂപയാക്കി വർധിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം. നിലവിൽ 1,500/- രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക സാധാരണയായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ശേഷം ഒന്നിച്ചാണ് രണ്ട് ഗഡുക്കളായി കൊടുക്കാറുള്ളത്. തീർച്ചയായും അത് ലഭിച്ചാലുടൻതന്നെ അതുമായി മുന്നോട്ടുപോകുന്നതാണ്.

ഭവനപദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞു. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അസാധാരണമായ ഒരു ബജറ്റാണിത്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് കിട്ടിയ സബ് പ്ലാനിനുശേഷം മത്സ്യത്തൊഴിലാളികൾക്കാണ് ബജറ്റിൽ ഒരു സബ് പ്ലാൻ ലഭിച്ചത്. അതിൽ 50 കോടി രൂപ ലഭിക്കുകയും കൂടാതെ ഭവന പദ്ധതികൾ പ്രത്യേകമായി വിഭാവനം ചെയ്തിട്ടുമുണ്ട്. അതിന്റെ രൂപരേഖ തയ്യാറാക്കിവരികയാണ്. തീർച്ചയായും മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായ ഭവന പദ്ധതി ഉണ്ടാകുന്നതാണ്. അതുപോലെതന്നെ മണ്ണെണ്ണ സബ്സിഡി കഴിഞ്ഞ പത്ത് വർഷം 25 രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുന്ന സമയത്താണ് 50 രൂപയായി വർധിപ്പിച്ചത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ വർഷംതന്നെ ഈ ബജറ്റിലൂടെ അത് 75 രൂപയാക്കി വർധിപ്പിച്ചു. അത്തരത്തിൽ മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ,

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഇങ്ങനെയൊരു കീഴ്വഴക്കം ഉണ്ടോ? അങ്ങ് വളരെ സീനിയറായ ആളല്ലേ.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. അന്നത്തെ ഗവൺമെന്റ് മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന എന്ന് ബഹുമാനപ്പെട്ട അംഗം വളരെ വാചാലമായി പറഞ്ഞതിനാൽ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം 2,700/- രൂപയിൽനിന്ന് 4,500/- രൂപയാക്കി വർധിപ്പിച്ചെന്ന് പറഞ്ഞപ്പോൾ, കേരള ചരിത്രത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ ഉമ്മൻചാണ്ടി സർക്കാർ 'തണൽ' പദ്ധതിയുടെ ഭാഗമായി നൽകിയ 1,350/- രൂപ നിർത്തലാക്കിയ ഒരു ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, പുതിയ ബജറ്റിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതുപോലെതന്നെ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴുള്ള പദ്ധതികൾ പരിഷ്കരിച്ചുകൊണ്ട് പുതിയ കോഴ്സുകൾകൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട്, ഇന്നലെ വെട്ടുകാട് നിന്ന് മത്സ്യബന്ധനത്തിനുപോയ തൊഴിലാളികളെ കാണാതായപ്പോൾ ഇന്നലെതന്നെ സെർച്ച് ചെയ്ത് ഇന്ന് രാവിലെ 9.20-ന് അവരെ റസ്ക്യൂ ചെയ്ത് കൊണ്ടുവന്നു. അത്തരത്തിൽ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട് അവരെ ചേർത്തുപിടിക്കുന്ന കൃത്യമായ പ്രവർത്തനങ്ങൾ സർക്കാർ ചെയ്തുവരികയാണ്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപം സഭ നിരാകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്നതിനപ്പുറത്തേക്ക് ബഹുമാനപ്പെട്ട അംഗം പോയതുകൊണ്ടും ധനകാര്യ വകുപ്പിനെക്കൂടി പരാമർശിച്ചതുകൊണ്ടുമാണ് ഞാൻ ഈ മറുപടി പറയുന്നത്. ഇവിടെ നീക്കിവച്ച തുക പ്ലാനിലില്ല എന്നാണ് പറയുന്നത്. ഇത് ബജറ്റ് മറുപടിയിൽ ഞാൻ വളരെ കൃത്യമായി പറഞ്ഞതാണ്. ബജറ്റിൽ പ്ലാനിന്റെ തുക 5000 കോടി രൂപ കുറച്ചിട്ടുണ്ട്. എല്ലാ

വകുപ്പിലും കുറച്ചിട്ടുണ്ട്. പക്ഷെ പട്ടികജാതി-പട്ടികവർഗ വകുപ്പിലും ഫിഷറീസ് മേഖലയിലും ആ തുക കുറയാതിരിക്കാൻവേണ്ടി അഡീഷണലായി തുക അനുവദിച്ചു. അതായത് 35000 കോടി രൂപയായിരുന്നു പ്ലാൻ എങ്കിൽ, പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് എത്ര രൂപ കൊടുക്കും, അത്രയും കോടി രൂപ അഡീഷണലായി കൊടുത്തു. ഫിഷറീസിൽ 50 കോടി രൂപ അഡീഷണലായി നൽകി. അദ്ദേഹം 73 കോടി രൂപയുടെ കാര്യമാണ് പറഞ്ഞത്. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട ഏത് കാര്യങ്ങളും പൂർത്തിയാക്കുന്നതിന് അഡീഷണൽ ഓതറൈസേഷനോ മറ്റ് നടപടിക്രമങ്ങളോ സപ്ലിമെന്ററിയോ ഉപയോഗിച്ച് മുഴുവൻ തുകയും നൽകും. മത്സ്യത്തൊഴിലാളി മേഖലയ്ക്ക് ഒരു കാര്യത്തിലും ഒരു കുറവും വരില്ല. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ എസ്.സി./എസ്.റ്റി. മോഡലിൽ ഫിഷറീസ് വകുപ്പിന് സബ് പ്ലാൻ നടപ്പാക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രയോറിറ്റികളിൽ ഒന്നാണ് തീരദേശത്ത് ജീവിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. കാരണം ഇവിടെ ബഹുമാനപ്പെട്ട അംഗം തന്നെ ചൂണ്ടിക്കാണിച്ചതുപോലെ കാലാവസ്ഥാ വ്യതിയാനം, മത്സ്യലഭ്യതയുടെ കുറവ്, തീരദേശത്തെ പ്രശ്നങ്ങൾ, തീരദേശത്തെ ഇടിവ് ഇതെല്ലാം പരിഹരിക്കപ്പെടണം. പക്ഷെ ബഹുമാനപ്പെട്ട അംഗം ഒരു കാര്യം ശ്രദ്ധിക്കണം. 2016 മുതൽ 5000 കോടി രൂപയുടെ ഒരു തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാമമാത്രമായ തുകയാണ് ചെലവാക്കിയത്. ഓഖിക്ക് ശേഷം പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് ഇതുവരെ നടപ്പാക്കിയിട്ടില്ല. മണ്ണെണ്ണയുടെ കാര്യം പറഞ്ഞു. ഞാൻ തന്നെ ഈ നിയമസഭയിൽ ഒരുപാട് കാലം പറഞ്ഞതാണ്. മണ്ണെണ്ണയ്ക്ക് 40 രൂപ വിലയുള്ളപ്പോഴാണ് ഉമ്മൻചാണ്ടി സർക്കാർ 25 രൂപ സബ്സിഡി നൽകിയത്. പിന്നീട് അതിന്റെ വില 120-130 രൂപയായപ്പോഴും കഴിഞ്ഞ പത്ത് കൊല്ലക്കാലം ആ 25 രൂപ തന്നെയായിരുന്നു മണ്ണെണ്ണയുടെ സബ്സിഡി. ഒരു രൂപപോലും കൂട്ടിക്കൊടുത്തില്ല. പിന്നെ അധികാരമൊഴിയുന്ന സമയത്ത് ഒരുപാട് കാര്യങ്ങൾ ചെയ്തതുപോലെ അവസാനം 50 രൂപയാക്കി. ഞങ്ങൾ ഭരണം തുടങ്ങുമ്പോൾതന്നെ 75 രൂപയാണ് മണ്ണെണ്ണയ്ക്ക് നൽകുന്നത്. മാത്രമല്ല, അവരുടെ മത്സ്യബന്ധനയാനങ്ങൾ മറ്റ് തരത്തിൽ കൺവെർട്ട് ചെയ്യുന്നതിനുള്ള സഹായത്തിനുവേണ്ടി ഓയിൽ കമ്പനികൾ ഉൾപ്പെടെയുള്ള ആളുകളുമായി

മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേകം ചർച്ച നടത്തുകയാണ്. ഇവിടെ പറഞ്ഞ ഒരു കാര്യംകൂടി പറയുകയാണ്. ഉമ്മൻചാണ്ടി സർക്കാർ നൽകിയതിനേക്കാൾ 2020-21 ആയപ്പോൾ കുട്ടി എന്നുപറഞ്ഞു. എന്താണ് കാര്യം? 2020-21 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY)-യിലുൾപ്പെടുത്തി 'Livelihood and Nutritional Support for Socio- Economically backward, active traditional fishers for conservation of fisheries resources during ban and lean months' എന്ന് പുനർനാമകരണം ചെയ്തു. ബ്ലൂ റെവല്യൂഷൻ സ്കീമിന്റെ അതേ മാനദണ്ഡപ്രകാരം നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ ഉത്തരവ് വന്നു. കേന്ദ്ര പ്രോജക്ടിന്റെ കൂടി ഭാഗമായി അത് മാറി. അതിൽ താമസമുണ്ടാകുന്നുണ്ട്. നമ്മൾ കൃത്യമായി പറഞ്ഞല്ലോ, എല്ലാ തുകയും ആദ്യം കൊടുക്കുമോ? ഇത് ജൂൺ മാസമാണ്. ജൂൺ മാസത്തിൽ 4,500/- രൂപയും കൊടുക്കുമോ? ഇല്ല. ജൂൺ മാസത്തിൽതന്നെ കൊടുക്കാൻവേണ്ടി 10-06-2026-ന് ഈ ഗവൺമെന്റ് ഉത്തരവ് കൊടുത്തു. അതിനുള്ള പൈസ ജില്ലാ ഓഫീസുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു. ആ പണം കൊടുക്കും. അടുത്ത മാസമാകുമ്പോൾ സർക്കാരിന്റെ വിഹിതം കൊടുക്കും. ഒരു കാരണവശാലും ഒരു രൂപയുടെപോലും കുറവ് ഒരു മാസവും വരുത്തില്ല. സർക്കാരിന്റെ ഫണ്ട് കൊടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. ഇവിടെ കൊടുക്കാതിരുന്നു എന്ന നോട്ടീസിലെ പരാമർശം തെറ്റാണ്; കൊടുക്കാതിരുന്നിട്ടില്ല. ആദ്യത്തെ ഗഡു അവരുടെ കോൺട്രിബ്യൂഷന്റെ തുക ബാങ്കുകളിലുണ്ട്. സംസ്ഥാന വിഹിതം ഇപ്പോൾത്തന്നെ ട്രഷറിയിലേക്ക് ഏതെങ്കിലും ധനകാര്യ മന്ത്രി കൊടുക്കുമോ? അടുത്ത മാസം കൊടുക്കേണ്ട തുക ഈ മാസം ട്രാൻസ്ഫർ ചെയ്യുമോ? എന്താണ് ഈ പറയുന്നത്. അടുത്ത മാസം കൊടുക്കേണ്ട തുക കൊടുക്കേണ്ട ദിവസത്തിന്റെ തലേ ദിവസം ട്രഷറിയിൽനിന്നും ജില്ലാ ഓഫീസുകളിലേക്ക് സ്റ്റേറ്റ് ഗവൺമെന്റിന്റെ വിഹിതം ട്രാൻസ്ഫർ ചെയ്യും. ഇനി കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം വരാൻ വൈകിയാൽ അത് അഡ്ജസ്റ്റ് ചെയ്ത് അത് വരുന്നതുവരെ സംസ്ഥാന ഗവൺമെന്റ് ആ തുക കൊടുക്കും. ഒരു രൂപയുടെ കുറവും ഒരു മത്സ്യത്തൊഴിലാളിക്കും ഈ സ്കീമിൽ വരില്ല. ഇപ്പോൾ അങ്ങനെ ഒരു അന്തരീക്ഷമില്ല, ഒരു ടെൻഷനുമില്ല. ആദ്യ മാസത്തെ തുക ട്രാൻസ്ഫർ ചെയ്തുകഴിഞ്ഞു. ജില്ലാ ഓഫീസുകളിൽ ആ

തുക എത്തി, വിതരണം ആരംഭിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്റെ അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ സജി ചെറിയാൻ അവതരിപ്പിച്ച വിഷയം സംസ്ഥാന സർക്കാരിനെ വലിയ തോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നാണ് ഇവിടെ നൽകിയ മറുപടികളൊക്കെ വ്യക്തമാക്കുന്നത്. ഒരു ഘട്ടത്തിൽ ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞുകൊണ്ടിരുന്നപ്പോൾ മറ്റൊരു ബഹുമാനപ്പെട്ട മന്ത്രി ഇടപെടുകയും അങ്ങ് പതിവിൽനിന്ന് വിപരീതമായി അത് അനുവദിക്കുകയും അങ്ങനെ അദ്ദേഹം ബഹുമാന്യനായ മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ മറുപടി പറയാൻ അല്പം കഴിവുകേടുണ്ടെന്ന് തോന്നിക്കത്തക്ക രീതിയിലുള്ള ഒരു ഇടപെടലുണ്ടായി..............(ബഹളം)..........

മി. സ്പീക്കർ: ദയവായി അങ്ങ് അത് പറയരുത്. അങ്ങ് വളരെ പ്രധാനപ്പെട്ട ആളാണ്. മറ്റൊരു മന്ത്രിക്ക് കഴിവുകേടുണ്ടെന്ന് അങ്ങയെപോലെ ഒരാൾ സഭയിൽ പറയാൻ പാടില്ല.

ശ്രീ. പിണറായി വിജയൻ: സർ, പാടില്ലാത്ത ഒരു കാര്യം നടന്നാൽ ........... (ബഹളം)..........

മി. സ്പീക്കർ: അത് വിട്ട് കളയൂ…..........(ബഹളം).......... അദ്ദേഹത്തിനുതന്നെ അത് മനസ്സിലായി.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിക്ക് കഴിവുകേടുണ്ടെന്ന് കാണിക്കത്തക്ക രീതിയിൽ ഇടപെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. അത് ശരിയല്ല.........(ബഹളം)..........അങ്ങനെ ഇടപെടാൻ പാടുണ്ടോ?

മി. സ്പീക്കർ: അങ്ങേയ്ക്ക് പ്രൊസീഡ് ചെയ്യാം. അങ്ങ് പ്രൊസീഡ് ചെയ്യൂ...... (ബഹളം)..........ദയവായി ഇരിക്കൂ.... സഭ ഓർഡറിൽ ആക്കൂ........ ഇരിക്കൂ.....പ്ലീസ്..........

he is on his legs. പ്രതിപക്ഷനേതാവ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ നിങ്ങൾ ഒബ്ജക്ട് ചെയ്യുകയാണോ; അവിടെ ഇരിക്കൂ.......... അദ്ദേഹം സംസാരിക്കട്ടെ please resume your seat. (ബഹളം) ....എന്റെ അഭിപ്രായം ഞാൻ പറഞ്ഞു കഴിഞ്ഞു. അദ്ദേഹം എങ്ങനെ റിയാക്ട് ചെയ്യുന്നുവെന്നത് അദ്ദേഹത്തിന് വിടുകയാണ്. അദ്ദേഹം സംസാരിക്കട്ടെ. അതിനുള്ള സാവകാശം നിങ്ങൾ നൽകൂ. ഞാൻ എന്റെ അഭിപ്രായം Spontaneous ആയി പറഞ്ഞു. അദ്ദേഹത്തിന്റെ നടപടി എന്താണെന്ന് അദ്ദേഹം പറയും. അതിനാൽ ദയവായി നിങ്ങൾ ഇരിക്കൂ.......

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ആരെയും അപമാനിച്ചിട്ടില്ല. അപമാനിക്കാൻ ശ്രമിച്ചത് നിങ്ങളാണ്. ഒരു മന്ത്രി മറുപടി പറയുമ്പോൾ മറ്റൊരു മന്ത്രി എഴുന്നേറ്റ്, ഈ മറുപടി പറയുന്ന മന്ത്രിക്ക് കഴിവില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ് അങ്ങേയറ്റത്തെ അപരാധം. അതാണ് ഇവിടെ നടന്നത്. അങ്ങനെ ചെയ്യാൻ പാടുണ്ടോയെന്നതാണ് പ്രശ്നം.........(ബഹളം)..........

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച പല സന്ദർഭങ്ങളിലും പല മന്ത്രിമാരും മറുപടി നൽകുന്ന അവസരത്തിൽ അന്നത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയുമുൾപ്പെടെയുള്ളവർ ഇടപെട്ട് സംസാരിച്ചതിന്റെ റെക്കോർഡ് ഈ സഭയിലുണ്ട്. ഇന്ന് ശ്രീ. സജി ചെറിയാൻ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അദ്ദേഹത്തോട് വഴങ്ങുമോയെന്ന് ചോദിച്ചപ്പോൾ അദ്ദേഹം വഴങ്ങിയില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി സംസാരിക്കുന്നതിനിടയിൽ പഴയ ഒരു കാര്യം സൂചിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ഇടപെട്ടത്. മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി വളരെ ഭംഗിയായി മറുപടി പറഞ്ഞു. ഒരിക്കലും അങ്ങയെപോലെയുള്ള ഒരാൾ മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ സംസാരിക്കാൻ പാടില്ല. അങ്ങ് സഭയിൽ നടത്തിയ

പരാമർശം പിൻവലിക്കണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അത് സഭാനടപടികളിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിച്ചത്. ആദ്യം കാണേണ്ടത്, കഴിഞ്ഞ സർക്കാരിന്റെകാലത്ത് പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോ നിയമ വകുപ്പുമന്ത്രിയോ ഇടപെട്ട് സംസാരിച്ചിട്ടുണ്ടെങ്കിൽ, ആരാണോ സംസാരിക്കുന്നത് ആ സംസാരിക്കുന്ന ആളിന്റെ സംസാരം അവസാനിച്ചതിനുശേഷമാണ്. എന്നാൽ അതല്ല ഇവിടെയുണ്ടായത്. ഞാൻ മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിക്ക് കഴിവില്ലെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം നല്ല കഴിവുറ്റ ഒരാളാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പക്ഷെ അദ്ദേഹം ഒരു പുതിയ മന്ത്രിയാണെന്നതുകൊണ്ട് മുമ്പ് മന്ത്രിയായിരുന്ന ഒരാൾ ഇപ്പോൾ പുതുതായിവന്ന ആളിന് കഴിവില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന രീതിയിലുള്ള ഇടപെടലുണ്ടായെന്നാണ് ഞാൻ പറഞ്ഞത്. അതിനർത്ഥം മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രിക്ക് കഴിവില്ലെന്നല്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല, അങ്ങനെയൊരു അഭിപ്രായവും എനിക്കില്ല എന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

മത്സ്യത്തൊഴിലാളി മേഖലയിൽ അതീവ ഗുരുതരമായ പ്രശ്നമാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെല്ലാം തരത്തിൽ വ്യാഖ്യാനിച്ച് സമർത്ഥിക്കാൻ നോക്കിയാലും നമ്മുടെ കടലിന്റെ മക്കൾ വല്ലാത്ത ആശങ്കയിലാണ്. കാരണം കടൽ നഷ്ടപ്പെടുമോ എന്ന ആശങ്കയാണ് ഏറ്റവും പ്രധാനം. മത്സ്യത്തൊഴിലാളികൾ ഒരുകാലത്തും ദാരിദ്ര്യം വിട്ടുമാറാത്ത അവസ്ഥയിൽ കഴിയുന്നൊരു വിഭാഗമാണെന്ന് നമുക്കറിയാം. ആ വിഭാഗത്തിന്റെ പ്രയാസങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. മത്സ്യബന്ധനത്തിന് സൗകര്യമില്ലാത്ത പഞ്ഞമാസങ്ങളാകുമ്പോൾ, ട്രോളിങ് നിരോധനവുംകൂടി വരുമ്പോൾ സർക്കാർ സാധാരണഗതിയിൽ അവരെ സഹായിക്കാൻ തയ്യാറാകാറുണ്ട്. ട്രോളിങ് നിരോധനം മാത്രമല്ല, കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭം ഉണ്ടാകുന്നതുമെല്ലാം ആ വിഭാഗത്തെ വലിയ തോതിൽ മുഴുപട്ടിണിയിലേക്ക് നയിക്കുന്ന നിലയാണുണ്ടാകുന്നത്. അതുകൊണ്ടാണ് അവർക്ക് പഞ്ഞമാസ ആനുകൂല്യങ്ങൾ നൽകുന്ന രീതി നേരത്തെ മുതൽ

സ്വീകരിച്ചുവരുന്നത്. അത് കൃത്യമായി നൽകിയില്ലെന്നാണ് ബഹുമാന്യനായ സജി ചെറിയാൻ ഇവിടെ ഉന്നയിച്ചത്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ മൂന്ന് ഗഡുക്കൾ മേയ് മാസം മുതൽ ജൂലൈ മാസം വരെ നൽകുക എന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതുസംബന്ധിച്ച് ചിലയിടത്ത് ആരംഭിച്ചുവെന്നും മറ്റുചിലയിടത്ത് ആരംഭിക്കാൻ പോകുന്നുവെന്നുമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. കഴിഞ്ഞ ദിവസം ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ആനുകൂല്യങ്ങൾ നൽകുമെന്നല്ലാതെ എപ്പോൾ നൽകുമെന്ന് പറഞ്ഞിട്ടില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഒന്നര ലക്ഷത്തോളം തൊഴിലാളികൾ ഗുണഭോക്താക്കളായുണ്ട്. 21 കോടിയോളം രൂപയാണ് ഒടുവിൽ ഗുണഭോക്തൃ വിഹിതമായി ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായും സംസ്ഥാന സർക്കാർ വിഹിതമായും കേന്ദ്ര വിഹിതമായും 1,500/- രൂപ വീതം കണക്കാക്കി 4,500/- രൂപ ധനസഹായം നൽകിയിരുന്നതിനെ കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് 6,000/- രൂപയായി വർധിപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ ഈ തുക കൃത്യമായി വിതരണം ചെയ്തില്ല എന്നാണ് ബഹുമാന്യനായ സജി ചെറിയാൻ ഇവിടെ ഉന്നയിച്ചത്. ഈ തുക വിതരണം ചെയ്യാതിരിക്കുന്നത് പാവപ്പെട്ടവരുടെ വയറ്റത്തടിക്കുന്ന ഒരു നടപടിയാണ്. എല്ലാകാലത്തും കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകാറുണ്ടെങ്കിലും അത് നൽകാതിരിക്കുന്ന നിലപാടല്ല സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാർ കേന്ദ്ര വിഹിതംകൂടി വഹിച്ചുകൊണ്ട് നൽകുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. അത് എപ്പോൾ വിതരണം ചെയ്യുമെന്ന് 24-06-2026-ന് ചോദ്യം ഉന്നയിച്ചപ്പോൾ അതിന് മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞില്ലെന്ന കാര്യവും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, പീലിങ് തൊഴിലാളികൾ എന്നിവരെല്ലാം ട്രോളിങ് നിരോധന ഘട്ടത്തിൽ വലിയ തോതിൽ വിഷമം അനുഭവിക്കുന്നവരാണ്. അതിന്റെയെല്ലാം ആശ്വാസം അവർക്കെല്ലാം ലഭിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് സൗജന്യ റേഷനൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിരുന്നത്. നമ്മുടെ നാട്ടിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തുന്ന ഘട്ടത്തിൽ തൊഴിലാളികളുടെ വായ്പകൾക്ക് മൊറട്ടോറിയം സാധാരണ പ്രഖ്യാപിക്കാറുണ്ട്. എന്നാലിപ്പോൾ അതുമായി

ബന്ധപ്പെട്ട നടപടി സ്വീകരിച്ചതായി കാണുന്നില്ല. എല്ലാതരത്തിലും മത്സ്യത്തൊഴിലാളിക്ക് അവഗണന വരുന്നുവെന്നതാണ് നാം കാണേണ്ടത്. കഴിഞ്ഞ ബജറ്റിൽ അനുവദിച്ചിരുന്ന തുകയിൽനിന്നും കുറവുവന്ന കാര്യം ഇവിടെ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. ആളുകളിൽ വലിയ തോതിൽ ആശങ്ക നിലനിൽക്കുകയാണ്. പുനർഗേഹം പദ്ധതിയുടെ ഭാവി എന്തായിരിക്കുമെന്നതിൽ വലിയ ആശങ്കയുണ്ട്. പുനർഗേഹം പദ്ധതിയുടെ ഭാഗമായി 2652 വീടുകളുടെയും 738 ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയായി. എന്നാൽ 1271 വീടുകളുടെയും 758 ഫ്ലാറ്റുകളുടെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രവൃത്തി പുരോഗമിക്കുകയാണ്. വിവിധ ഘട്ടങ്ങളിലായി നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റുകളുടെയും വീടുകളുടെയും ഭാവി എന്തായിരിക്കുമെന്നതിനെക്കുറിച്ച് വ്യക്തത ഇപ്പോൾ വന്നിട്ടില്ലെന്നത് നാം കാണണം. പുതിയ ഭവന പദ്ധതിയെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ നിർമ്മാണം പൂർത്തീകരിക്കേണ്ട വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ്, മറൈൻ ആംബുലൻസ്, കടൽ സുരക്ഷ തുടങ്ങിയവയെല്ലാം നേരത്തെ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നടക്കുന്നില്ല. എല്ലാത്തരത്തിലും വലിയതോതിലുള്ള അവഗണനയുണ്ടാകുന്നുവെന്ന ആശങ്കയാണ് മത്സ്യത്തൊഴിലാളി വിഭാഗത്തിനുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് കടൽ നഷ്ടപ്പെടുമോ, അത് കുത്തകകളുടെ കൈകളിലേയ്ക്കുപോകുമോ എന്ന ആശങ്കയുമുണ്ട്. അതോടൊപ്പം ഇപ്പോൾ പ്രഖ്യാപിച്ച കപ്പൽപ്പാത സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്യുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ധാതു ഖനന മേഖല കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്കെത്തുന്നത് മത്സ്യത്തൊഴിലാളികളെ കടുത്ത ആശങ്കയിലാക്കും. മത്സ്യത്തൊഴിലാളികൾ എന്നത് കേരളത്തിന്റെ സേനയാണ്. ആ സേനയ്ക്ക് ഒരുതരത്തിലുമുള്ള വിഷമവുമുണ്ടാകാതിരിക്കുക എന്നത് പ്രധാനമാണ്. അവരുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടാതിരിക്കാൻ ശ്രദ്ധിക്കണം. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട സമാശ്വാസ നടപടികൾ കൃത്യമായി നൽകുന്നതിന് സർക്കാർ നടപടികൾ

സ്വീകരിക്കാത്തതിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോകുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി) )

ശ്രീ. കെ. രാജൻ: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സജി ചെറിയാൻ ഇന്ന് സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ആശങ്കയാണ് ഇങ്ങനെയൊരു വിഷയം അവതരിപ്പിക്കാൻ പ്രതിപക്ഷത്തെ പ്രേരിപ്പിച്ചത്. ബഹു. മുഖ്യമന്ത്രി ഉപക്ഷേപത്തിന് മറുപടി പറഞ്ഞപ്പോൾ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള സമാശ്വാസ പദ്ധതി(Savings-cum-Relief Scheme) 6,000 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചത്, കേവലം പോകുന്ന പോക്കിൽ പ്രഖ്യാപിച്ച ഒരു നടപടി മാത്രമായി ചുരുക്കിക്കണ്ടത് വളരെ പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. ട്രോളിങ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ആനുകൂല്യം 1500 രൂപയിൽനിന്നും വർധിപ്പിക്കുന്ന സാഹചര്യമുണ്ടാകുമോ എന്നതും അറിയേണ്ടതാണ്.

ഒരു സർക്കാർ അധികാരത്തിൽനിന്ന് മാറി മറ്റൊരു സർക്കാർ അധികാരത്തിൽ വരുന്നത് ആദ്യമായിട്ടല്ല. 2016 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ ബാധ്യസ്ഥരായിരുന്നു, ആയത് നടപ്പിലാക്കുകയും ചെയ്തു. 2016 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ അന്നത്തെ ഉമ്മൻചാണ്ടി സർക്കാർ പ്രഖ്യാപിച്ച പല നടപടിക്രമങ്ങളും തുടർന്നുവന്ന സർക്കാരാണ് പൂർത്തിയാക്കിയത്. 2016-2021 കാലഘട്ടത്തിലെ സർക്കാർ പ്രഖ്യാപിച്ച കാര്യങ്ങൾ 2021 മുതൽ 2026 വരെയുള്ള സർക്കാരിന്റെ കാലഘട്ടത്തിലാണ് നൽകിയത്. ഇവയെല്ലാം നടപടിക്രമത്തിന്റെ ഭാഗമായാണ് ചെയ്യുന്നത്. കഴിഞ്ഞ സർക്കാർ പോകുന്ന പോക്കിലാണ് ആറായിരം രൂപ പ്രഖ്യാപിച്ചതെങ്കിൽ അത് നൽകാനുള്ള നിലപാട് ഈ സർക്കാരിനുണ്ടോയെന്ന് പറയുന്നതിനുപകരം അത് പ്രഖ്യാപിച്ചത് പോകുന്ന പോക്കിലാണ് എന്ന വിധത്തിലുള്ള വിലകുറഞ്ഞ ആരോപണങ്ങളുന്നയിക്കുന്നത്

യഥാർഥത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തെ അവഹേളിക്കുന്നതുപോലെയാണ്. മത്സ്യത്തൊഴിലാളികളുടെ വിഹിതമായ 1500 രൂപ ജൂൺ മാസം അവസാനമാണ് നൽകിയത്. സംസ്ഥാന സർക്കാരിന്റെ വിഹിതവും കേന്ദ്ര വിഹിതം ലഭിച്ചില്ലെങ്കിൽ ആ തുകകൂടി നൽകാനുള്ള ബാധ്യതയും കേരള സർക്കാരിനുണ്ട്. ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കിയില്ലെങ്കിൽ ജൂലൈ മാസം ആദ്യം ധനസഹായം നൽകുന്നതിനുള്ള നടപടികളിലേക്ക് കടക്കാൻ സർക്കാരിന് സാധിക്കില്ല. ട്രോളിങ് നിരോധനമേർപ്പെടുത്തുന്ന സാഹചര്യത്തിൽ തീരദേശമേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന മാനസികാവസ്ഥ വളരെ ഗുരുതരമാണ്. കടൽക്ഷോഭമുൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരത്തെ ഉണ്ടായപ്പോൾ ദിവസം 200 രൂപ എന്ന നിരക്കിൽ എസ്.ഡി.ആർ.എഫ്.-ൽനിന്നുൾപ്പെടെ തുക വിനിയോഗിച്ച അനുഭവമുണ്ട്. 'പുനർഗേഹം പദ്ധതി'-ക്കുള്ള വിഹിതം 40 കോടി രൂപയായി ചുരുക്കുമ്പോൾ ബജറ്റിൽ പുതിയ ഭവന പദ്ധതി പ്രഖ്യാപിച്ചതല്ലാതെ അതിന് തുക വകയിരുത്തിയിട്ടില്ലെന്ന ഗൗരവമായിട്ടുള്ള പ്രശ്നവും നമ്മുടെ മുമ്പിലുണ്ട്. ദീർഘകാലമായി നൽകാൻ സാധിക്കാതിരുന്ന തീരദേശ മേഖലയിലെ പട്ടയവും വീടുകളും നൽകിയ, പുനർഗേഹം പദ്ധതി നടപ്പിലാക്കിയ അനുഭവത്തിൽനിന്ന് വിഭിന്നമായി പുനർഗേഹം പദ്ധതിയിലെ പണം കുറയുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്.... കൺക്ലൂഡ്.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് പറഞ്ഞ സമയത്തുതന്നെയാണ് ഞാൻ അവസാനിപ്പിക്കുന്നതും പറയുന്നതും. ബഹുമാനപ്പെട്ട ചെയർ ഇടയിൽക്കയറി നടത്തുന്ന ചില കമന്റുകൾ വളരെ മോശപ്പെട്ട വിധത്തിലുള്ള നിലപാടുകളും ട്രോളുമുണ്ടാക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ദയവായി ചെയറിനെ ചോദ്യം ചെയ്യാൻ ശ്രമിക്കരുത്. ബഹുമാനപ്പെട്ട ശ്രീ. കെ. രാജൻ അങ്ങ് വാക്കൗട്ട് പ്രസംഗത്തിനകത്ത് ചെയറിനെ അപമാനിക്കുന്നത് ശരിയായ നടപടിയല്ല. അങ്ങേയ്ക്ക് അങ്ങയുടെ വിഷയത്തിൽ മാത്രം ശ്രദ്ധ നൽകാം. ഇതൊരു വാക്കൗട്ട് പ്രസംഗമാണെന്ന ഓർമ്മ വേണം. അതിൽ ചെയ്യേണ്ട നടപടിക്രമത്തെ കുറിച്ച് അങ്ങേയ്ക്ക് ബോധ്യമുണ്ടായിട്ടും വിഷയത്തിൽനിന്നും ദയവായി അങ്ങ് ഡീവിയേറ്റ് ചെയ്യരുത്. പ്ലീസ് പ്രൊസീഡ്.

*30-06-2026*
*Adjournment motion*

<u>ശ്രീ. കെ. രാജൻ</u>: സർ, അത് ഞാൻ പറയും. അത് ഈ സഭയിലെ ഒരംഗത്തിന്റെ അവകാശമാണിത്. അങ്ങുൾപ്പെടെ നയിക്കുന്ന ഈ സഭയുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ഞാൻ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചാൽ നൽകുമെന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നത് ശരിയായ കാര്യമല്ല. നെല്ല് സംഭരണത്തിനും ഇതുപോലെ കേന്ദ്രം തുക അനുവദിക്കാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. പല കാര്യങ്ങൾക്കും കേന്ദ്രം സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്നതുപോലെ ഈ ആനുകൂല്യവും സമയബന്ധിതമായി കേന്ദ്രം നൽകാതിരുന്നാൽ അത് ലഭിക്കുമെന്ന ഉറപ്പാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും അത് കിട്ടിയാൽ കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്നതും കഴിഞ്ഞ സർക്കാർ 6000 രൂപ പോകുന്ന പോക്കിലാണ് പ്രഖ്യാപിച്ചത് എന്നുള്ളതുകൊണ്ട് അത് നൽകാനാവില്ലെന്ന നിലപാട് സ്വീകരിക്കുന്നതും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ ആശങ്കയുണ്ടാക്കുന്നതാണ്. അവരുടെ ഈ ആശങ്കയ്ക്ക് പരിഹാരമുണ്ടാക്കുന്നതൊന്നും ബഹു. മുഖ്യമന്ത്രിയുടെ മറുപടിയിലില്ലാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, ഏറ്റവും ഗൗരവതരമായ ഒരു പ്രശ്നമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി സഭയിൽ കൊണ്ടുവന്നത്. ധനസഹായവും സൗജന്യ റേഷനും നിലച്ചതോടെ മത്സ്യത്തൊഴിലാളികളും കുടുംബങ്ങളും കടുത്ത ദാരിദ്ര്യത്തിലും പട്ടിണിയിലുമാണ്. അതുകൂടാതെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പയിന്മേൽ ട്രോളിങ് കാലഘട്ടത്തിൽ മോറട്ടോറിയം അനുവദിക്കുന്ന സ്ഥിതിയുണ്ട്. അക്കാര്യത്തിലും ഇതുവരെ ഒരു തീരുമാനവും സ്വീകരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ ആനുകൂല്യവും സൗജന്യ റേഷനും മുടക്കിയതും മോറട്ടോറിയം അനുവദിക്കാത്ത നടപടിയും തീരദേശ ജനതയെ ദുരിതത്തിലാഴ്ത്തിയ വിഷയവും

*30-06-2026*
*Adjournment motion*

നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്ത സാഹചര്യത്തിൽ ഞാനും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)